(ബി) ഉണ്ട്.

(സി) പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടവർക്കെതിരെ കോഴിക്കോട് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ 'അപ്പോപ്രിയറ്റ് അതോറിറ്റി' എന്ന നിലയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരു കേസ് കേരള ഹൈക്കോടതിയിൽ നിലവിലുള്ള സാഹചര്യത്തിൽ കോപ്പി ലഭ്യമാക്കുന്നത് ഉചിതമാണെന്ന് കരുതുന്നില്ല.

(ഡി) 'അപ്രോപ്രിയറ്റ് അതോറിറ്റി' എന്ന നിലയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് പോലീസ് റിപ്പോർട്ട് അഭിപ്രായത്തിനായി നൽകിയിരുന്നു.

(ഇ) കുറ്റക്കാർ എന്ന് കണ്ടെത്തിയവർക്കെതിരെ 'അപ്രോപ്രിയറ്റ് അതോറിറ്റി' കോഴിക്കോട് ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഒരു വ്യക്ക ദാതാവ് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസും നിലവിലുണ്ട്. സംസ്ഥാന സർക്കാർ ഈ കേസിൽ എതിർ സത്യവാങ്മൂലം നൽകി. കോടതി കേസുകളിൽ അന്തിമ വിധി വന്നതിനുശേഷം യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

ബ്ലോക്കുകളുടെ അതിർത്തി പുനർനിർണ്ണയം

5 (*528) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റൂറൽ ഡവലപ്മെന്റ് ബ്ലോക്കുകളുടെ അതിർത്തി പുനർനിർണ്ണയം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ജനസംഖ്യ, വിസ്തീർണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ബ്ലോക്കുകൾ പുനർനിർണ്ണയം ചെയ്യുമ്പോൾ പുതിയ ബ്ലോക്കുകൾ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) പരിഗണനയിലില്ല.

(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) 'ബി' പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly